DESPATCHED
On..06/01/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 209(2)/2021**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **2780**/എസ്.ഐ.സി-ജി 6/21)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ഗിരീഷ് കുമാർ വി.പി.,
നിലാവ്, എഴുകോൺ,
കടയ്ക്കോട് പി.ഒ., പിൻ – 691 505.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കേരള വാട്ടർ അതോറിറ്റി, വാട്ടർ സപ്ലൈ സബ് ഡിവിഷൻ, ശാസ്താംകോട്ട.
2. അപ്പീൽ അധികാരി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പി.എച്ച്.ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.10.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22.12.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21.01.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15.02.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.02.2021 |
| ഹിയറിംഗ് നടന്ന തീയതി | 29.12.2022, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ,കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 13.10.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

Q1. ശാസ്താംകോട്ട നമ്പർ 2 സെക്ഷനിൽ 2015 നവംബർ 1 മുതൽ 19 ജൂൺ വരെ കേടായ മോട്ടോറുകൾ, പമ്പ് സെറ്റുകൾ, സ്റ്റാർട്ടറുകൾ, പാനൽ ബോർഡുകൾ എന്നിവയുടെ വിശദവിവരങ്ങൾ പ്രത്യേകം പ്രത്യേകം നൽകണമെന്നും

Q2 a) മേൽപ്പറഞ്ഞവയിൽ റിപ്പയർ ചെയ്ത് ഉപയോഗ യോഗ്യമാക്കിയവ ഏതെല്ലാമെന്നും

b) റിപ്പയർ ചെയ്യാത്തവ ഏതെല്ലാമെന്നും

Q3. Q1ൽ പറഞ്ഞിരിക്കുന്നവയിൽ ഓരോന്നും കേടായ തീയതി, I.R റിപ്പോർട്ടു ചെയ്ത തീയതി, ജോലി പൂർത്തീകരിച്ച തീയതി, റിപ്പയർ ചെയ്ത കോൺട്രാക്ടറുടെ പേര്, ലൈസൻസ് നമ്പർ, അഡ്രസ്സ്, അനുവദിച്ച തുക എന്നിവ പ്രത്യേകം പ്രത്യേകം ലഭ്യമാക്കണമെന്നും

Q4. Q3ൽ പറഞ്ഞിരിക്കുന്ന വർക്കുകളുടെ quotation അല്ലെങ്കിൽ Tender ൽ പങ്കെടുക്കുന്ന കോൺട്രാക്ടർമാർ ആരെല്ലാമെന്നും ഓരോരുത്തരുടെയും രേഖപ്പെടുത്തിയ വിവരങ്ങൾ, തുക എന്നിവ വ്യക്തമാക്കണെമെന്നും തുടങ്ങി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 12.11.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളവയുടെ വിവരങ്ങൾ ടി ഓഫീസിന്റെ പരിധിയിൽ വരുന്നവയല്ലാത്തതിനാൽ മറുപടി ലഭ്യമാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ, വാട്ടർ സപ്ലൈ സെക്ഷൻ–2, കേരള ജല അതോറിറ്റി, ശാസ്താംകോട്ട എന്ന ഓഫീസിലേയ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതാണെന്നും ടി ഓഫീസിൽ നിന്നും മറുപടി ലഭ്യമാകുമെന്നാണ് അറിയിച്ചത്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 21.01.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, 01.01.2021ൽ ടി ഓഫീസിൽ ലഭിച്ച അപ്പീൽ ഹർജിയിന്മേൽ വിശദീകരണം നൽകുന്നതിനായി 04.01.2021ൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ

സബ് ഡിവിഷൻ, ശാസ്താംകോട്ടയ്ക്ക് കത്തു നൽകിയെന്നും 21.01.2021ൽ ലഭിച്ച മറുപടിയിൽ വാട്ടർ സപ്ലൈ സെക്ഷൻ-2വുമായി ബന്ധപ്പെട്ട ചോദ്യത്തിന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനായി 22.01.2021ൽ വീണ്ടും കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചാൽ ഉടൻതന്നെ ഹർജിക്കാരന് വിവരം നൽകുമെന്നാണ് അറിയിച്ചത്.

4. 08.04.2021ന് രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ വിവരാവകാശ അപേക്ഷയിലെ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകാൻ കഴിയുന്ന ഓഫീസ് എന്ന നിലയ്ക്കാണ് അപേക്ഷ അസി.എഞ്ചിനീയർ വാട്ടർ സപ്ലൈ സെക്ഷൻ നമ്പർ 2 ലേയ്ക്ക് അയച്ചതെന്നും കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വിഭാഗം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പുറത്തിറങ്ങിയ ഉത്തരവ് നം.KWA/JB/E9/107/2018 തീയതി 16.10.2020 പ്രകാരം സബ് ഡിവിഷൻ ഓഫീസിലെ 5 ക്ലാർക്കുമാരെ റവന്യൂ സെക്ഷനിലേയ്ക്ക് പുനർ വിന്യസിക്കുകയും തുടർന്ന് സെക്ഷനിലെ സ്ഥല പരിമിതി കാരണം സബ് ഡിവിഷൻ ഓഫീസും റവന്യൂ സെക്ഷനും വാട്ടർ സപ്ലൈ സെക്ഷൻ നം.1ഉം പരസ്പരം ഷിഫ്റ്റ് ചെയ്ത് ഫയലുകളും കമ്പ്യൂട്ടറുകളും മറ്റു സാധന സാമഗ്രികളും മാറ്റി പുന:ക്രമീകരിക്കേണ്ട അടിയന്തിര സാഹചര്യം ഉണ്ടാകുകയും ടി സമയം ചാർജ്ജ് ഉണ്ടായിരുന്ന സെക്ഷൻ ക്ലർക്കിന് സ്ഥലം മാറ്റം ഉണ്ടാകുകയും ചെയ്തുവെന്നാണ്. ടി സാഹചര്യത്തിലാണ് 27.10.2020ന് ലഭിച്ച അപേക്ഷയ്ക്ക് 30.11.2020ന് മറുപടി നൽകിയതെന്നുമാണ്. ടിയാന്റെ അപ്പീൽ ഹർജിയിലെ ചില ചോദ്യങ്ങൾക്ക് വാട്ടർ സപ്ലൈ സബ് ഡിവിഷൻ ശാസ്താംകോട്ട ഓഫീസിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനായി 22.01.2021ൽ വീണ്ടും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തു നൽകിയിട്ടുണ്ടെന്നും 23.01.2021ലെ റിപ്പോർട്ട് പ്രകാരം ഹർജിക്കാരന് ആവശ്യമുള്ള രേഖകളുടെ പകർപ്പ് ലഭിക്കുന്നതിനായി 22.01.2021ൽ 8784/- രൂപ ഓഫീസിൽ അടച്ചിട്ടുണ്ടെന്നും ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് നേരിട്ട് നൽകുന്നതാണെന്നും അറിയിച്ചുവെന്നാണ്.

വാട്ടർ സപ്ലൈ സെക്ഷൻ നം.2, ശാസ്താംകോട്ട അസി.എഞ്ചിനീയർ വിവരങ്ങൾ അടങ്ങിയ രേഖകളുടെ പകർപ്പുകൾ എടുത്ത് ആയത് കൈപ്പറ്റുന്നതി

നായി ടിയാന് 17.02.2021ൽ കത്തു നൽകി ടിയാൻ നേരിട്ട് കൈപ്പറ്റാൻ ഹാജരാകാത്തത് കാരണം 24.02.2021ന് വീണ്ടും ഓർമ്മക്കുറിപ്പ് കത്ത് നൽകിയെന്നും രേഖകളുടെ പകർപ്പ് അടങ്ങിയ ഒരു വലിയ കെട്ട് ആയതിനാൽ പോസ്റ്റൽ ആയോ കൊറിയർ ആയോ അയക്കുന്നത് വലിയ ചെലവായതു കാരണമാണ് രേഖകൾ കൈപ്പറ്റാൻ നേരിട്ട് ഹാജരാകാൻ ആവശ്യപ്പെടേണ്ടി വന്നതെന്നും ടിയാൻ കൈപ്പറ്റാൻ വരാത്തതു കാരണം ഒടുവിൽ മേൽ വിലാസം തിരക്കി കണ്ടു പിടിച്ച് ഹർജിക്കാരന്റെ പക്കൽ 04.03.2021ന് എത്തിച്ചു കൊടുക്കുകയാണ് ചെയ്തതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, 30 ദിവസം കഴിഞ്ഞ് നൽകിയ വിവരങ്ങൾക്ക് പകർപ്പ് ഫീസീടാക്കിയത് തിരികെ നൽകണമെന്നും സെക്ഷൻ 7(6)ന് വിരുദ്ധമായിട്ടാണ് ഹർജിക്കാരനോട് രേഖകളുടെ പകർപ്പുകൾക്കായി 8784/- രൂപ ഒടുക്കാൻ ആവശ്യപ്പെട്ടതെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. കൂടാതെ വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം വിവരങ്ങൾ ലഭ്യമായ ഓഫീസിലേയ്ക്ക് ഹർജിക്കാരന്റെ അപേക്ഷ കൈമാറിയിട്ടില്ലാത്തതിനാൽ പരാമർശിതകാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്ക് വീഴ്ച സംഭവിച്ചതായി കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ പ്രസ്തുത എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു നിരീക്ഷിച്ചുകൊണ്ട് ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി

വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

കൂടാതെ പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് 10 ദിവസത്തിനകം കമ്മീഷനിൽ സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയതു പ്രകാരം 06.01.2023ന് ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷ 27.10.2020ന് ടി ഓഫീസിൽ ലഭിച്ചിരുന്നുവെന്നും പ്രസ്തുത അപേക്ഷ 12.11.2020ന് ശാസ്താംകോട്ട വാട്ടർ സപ്ലൈ സെക്ഷൻ-2 അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറി ടി വിവരം ഹർജിക്കാരനെ അറിയിച്ചുവെന്നാണ്. സെക്ഷൻ ക്ലാർക്ക് ട്രാൻസ്ഫർ ആയതിനാലും ഓഫീസ് കെട്ടിടം മാറുന്ന പ്രവർത്തികൾ നടന്നതിനാലും കോവിഡ് മഹാമാരി നിലനിൽക്കുന്ന കാലഘട്ടമായതിനാലും അപേക്ഷ 5 ദിവസത്തിനകം കൈമാറാൻ സാധിച്ചിരുന്നില്ലെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾ ശേഖരിക്കുന്നതിന് സമയം കൂടുതൽ ആവശ്യമായി വേണ്ടി വന്നതിനാൽ 30.11.2020നാണ് മറുപടി നൽകാൻ കഴിഞ്ഞതെന്നും വിശദ വിവരങ്ങൾ ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/